# امتحان نصف السنة في المدارس الدينية ٢٠٢٣ - ٢٤ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

**H 504**

| الصف: الخامس | الموضوع: التاريخ | المدة: ساعتان | العلامات: ٨٠ |
|---|---|---|---|

**I ശരിയുത്തരം കണ്ടെത്തി എഴുതാം.** 7½

1. മനുഷ്യർക്ക് സത്യമാർഗം കാണിച്ചുകൊടുക്കാൻ വേണ്ടി അല്ലാഹു നിയോഗിച്ച ഉത്തമ മനുഷ്യരാണ്.

   (മലക്കുകൾ ജിന്നുകൾ നബിമാർ)

2. ആരുടെ വിഷയത്തിലാണ് സൂറഃ ലഹബ് അവതരിച്ചത്?

   (അബൂലഹബ് അബൂത്വാലിബ് അബൂജഹ്ൽ)

3. ദുഃഖ വർഷം ആരുടെ മരണവുമായി ബന്ധപ്പെട്ടതാണ്?

   (ഹഫ്സ ؓ ആഇശ ؓ ഖദീജ ؓ)

4. നബി ﷺ യുടെ ത്വാഇഫ് യാത്രയിൽ ഇസ്‌ലാം സ്വീകരിച്ച ആൾ?

   (അദ്ദാസ് ബിലാൽ അബ്ദുല്ല)

5. അബ്സീനിയയിൽ മുസ്‌ലിങ്ങൾക്ക് സംരക്ഷണം നൽകിയ രാജാവ്?

   (കിസ്റ സീസർ നജ്ജാശി)

**II ചേർത്തെഴുതാം** 7½

| | |
|---|---|
| ദാറുൽ അർക്വം | നബി ﷺ യുടെ ശത്രു |
| ജബലുന്നൂർ | ആകാശരോഹണം |
| ബിസ്മികല്ലാഹുമ്മ | ഹിറാ ഗുഹ |
| മിഅ്റാജ് | ബഹിഷ്കരണ പത്രിക |
| അബൂലഹബ് | സ്വഹാബിയുടെ വീട് |

**III ചാർട്ട് തയ്യാറാക്കാം** 5

താഴെ കൊടുത്ത പേരുകളിൽ നിന്ന് നബി ﷺ യിൽ ആദ്യമായി വിശ്വസിച്ച അഞ്ച് ആളുകളുടെ പേരുകൾ കണ്ടെത്തി ചാർട്ട് തയ്യാറാക്കാം.

ഉമർ ؓ ഖദീജ ؓ ഖാലിദ് ؓ അബൂബക്ർ ؓ അലി ؓ
യാസിർ ؓ അബൂസുഫ്‌യാൻ അമ്മാർ ؓ മുആവിയ ؓ

**IV ഗ്രൂപ്പിൽ പെടാത്തത് എടുത്ത് എഴുതാം.** 6

1. ജിബ്‌രീൽ ؑ - മീകാഈൽ ؑ - ഇബ്‌റാഹീം ؑ - മുൻകർ ؑ
2. ഇഞ്ചീൽ - ഹദീഥ് - ക്വുർആൻ - സബൂർ
3. യഥ്‌രിബ് - ക്വുറൈശ് - ഖസ്‌റജ് - ക്വൈനുകാഅ്
4. മുസ്അബ് ബ്നു ഉമൈർ ؓ - അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം ؓ - ബനൂ നജ്ജാർ - അലി ؓ

## V ഒറ്റവാക്കിൽ ഉത്തരം എഴുതാം 10

1. ഹിജ്റ വേളയിൽ നബി ﷺ ഒളിച്ചിരുന്ന സ്ഥലം?
2. നബി ﷺ ആദ്യമായി യഥ്രിബിലേക്കയച്ച രണ്ടു പ്രബോധകർ?
3. ഖുറൈശികളുടെ ബഹിഷ്കരണ വേളയിൽ മുസ്ലിംകൾ താമസിച്ചിരുന്ന സ്ഥലം?
4. പ്രവാചകന്റെ ആകാശരോഹണത്തിൽ നബി ﷺ കണ്ട അത്ഭുത വൃക്ഷം?
5. രണ്ടാം അഖബ ഉടമ്പടിയിൽ പങ്കെടുത്ത മുസ്ലിമായിട്ടില്ലാത്ത പ്രവാചകന്റെ പിതൃ സഹോദരൻ?

## VI സന്ദർഭം വ്യക്തമാക്കാം. 12

1. "ഇല്ല പ്രിയനേ, അല്ലാഹു അങ്ങയെ കൈവെടിയില്ല."
2. "പ്രിയപ്പെട്ട മൂത്താപ്പാ, എന്തു തന്നെയായാലും ഞാൻ ഈ പ്രവർത്തനം നിർത്തുകയില്ല. ഒന്നുകിൽ ഇത് വിജയിക്കണം. അല്ലെങ്കിൽ ഇതിനുവേണ്ടി ഞാൻ മരിക്കണം."
3. "മുഹമ്മദേ, ഇത് മലക്കുൽ ജിബാലാണ്. താങ്കൾ പറഞ്ഞാൽ ത്വാഇഫുകാരുടെ മുകളിലേക്ക് ഈ മലകൾ മറിച്ചിടും."
4. "നബിയേ, അവരാരെങ്കിലും താഴേക്ക് നോക്കിയാൽ നമ്മെ കാണുമല്ലോ."

## VII താഴെ കൊടുത്ത സംഭവങ്ങൾ നടന്ന ക്രമത്തിൽ എടുത്തെഴുതാം. 10

1. മുഹമ്മദ് നബി ﷺ യുടെ മദീന ഹിജ്റ
2. മുഹമ്മദ് നബി ﷺ ക്ക് ഹിറാ ഗുഹയിൽ വെച്ച് ആദ്യമായി വഹ്യ് ലഭിച്ചു.
3. മുഹമ്മദ് നബി ﷺ കുടുംബത്തിന്റെ സഹായം പ്രതീക്ഷിച്ച് ത്വാഇഫിലേക്ക് പോയി.
4. സ്വഫാ കുന്നിൻ മുകളിൽ നിന്ന് മുഹമ്മദ് നബി ﷺ തന്റെ കുടുംബങ്ങളെ വിളിച്ച് വരുത്തി തൗഹീദിന്റെ സന്ദേശം നൽകി.
5. ഖദീജ ﷺ യും അബൂത്വാലിബും ഒരേ വർഷം മരണപ്പെട്ടു. ആ വർഷം ദുഃഖവർഷം എന്ന പേരിൽ അറിയപ്പെടുന്നു.

## VIII ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാം. 6

1. മക്കയിലെ മുശ്രിക്കുകൾ കഅ്ബയിൽ എഴുതി തൂക്കിയ ബഹിഷ്കരണ പത്രികയിലെ പ്രധാന കാര്യങ്ങൾ എന്തെല്ലാം?
2. അബ്സീനിയയിലേക്ക് ഹിജ്റ പോയ മുസ്ലിംകൾ തിരിച്ചു വരാൻ കാരണമെന്താ-യിരുന്നു?

## IX വിവരിക്കാം (രണ്ടെണ്ണം) 8

1. ഒന്നാം അഖബ ഉടമ്പടി
2. ഇസ്റാഅ്
3. ദുഃഖ വർഷം

## X കുറിപ്പ് തയ്യാറാക്കാം (രണ്ടെണ്ണം) 8

1. മുഹമ്മദ് നബി ﷺ ക്ക് വഹ്യ് ലഭിക്കാൻ ആരംഭിച്ച സംഭവം.
2. ഹംസ ﷺ ഇസ്ലാം സ്വീകരിക്കാൻ കാരണമായ സംഭവങ്ങൾ.
3. മദീന ഹിജ്റ